This Question Paper consists of 30 questions and 8 printed pages.
ഈ ചോദ്യപേപ്പറിൽ 30 ചോദ്യങ്ങളും, 8 അച്ചടിച്ച പുറങ്ങളും ഉണ്ട്.

Roll No. (റോൾ നമ്പർ) | | | | | | | | | | | | |

Code No. **49/S/O/MM** (കോഡ് നമ്പർ)

Set **A**

# MALAYALAM
# മലയാളം
# (232)

**Day and Date of Examination** ____________________
(പരീക്ഷാ ദിവസവും തീയതിയും)

**Signature of Invigilators** 1. ____________________
(ഇൻവിജിലേറ്ററിന്റെ ഒപ്പ്)

2. ____________________

---

പൊതുവായ നിർദ്ദേശങ്ങൾ :

1. പരീക്ഷാർത്ഥികൾ അവരുടെ റോൾ നമ്പർ ചോദ്യപേപ്പറിന്റെ ആദ്യ പേജിൽ എഴുതേണ്ടതാണ്.
2. ആദ്യപേജിൽ പ്രിന്റുചെയ്തിരിക്കുന്ന വിവരങ്ങൾക്കനുസൃതമായി പേജുകളും ചോദ്യങ്ങളും ചോദ്യപേപ്പറിൽ അടങ്ങിയിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ ചോദ്യങ്ങൾ ക്രമമായി പ്രിന്റുചെയ്തിട്ടുണ്ടോ എന്നും ഉറപ്പുവരുത്തേണ്ടതാണ്.
3. ഒറ്റവാക്കിൽ ഉത്തരമെഴുതേണ്ട ചോദ്യങ്ങൾക്ക് **(A)**, **(B)**, **(C)**, **(D)** എന്ന ക്രമത്തിൽ കൊടുത്തിട്ടുള്ള ഉത്തരങ്ങളിൽ നിന്നും ശരിയായ ഉത്തരം തിരഞ്ഞെടുത്ത് ഉത്തരപുസ്തകത്തിൽ എഴുതേണ്ടതാണ്.
4. ഒറ്റവാക്കിൽ ഉത്തരമെഴുതേണ്ടത് ഉൾപ്പെടെ എല്ലാ ചോദ്യങ്ങളുടേയും ഉത്തരം അനുവദിച്ചിരിക്കുന്ന സമയത്തിനുള്ളിൽ തന്നെ എഴുതേണ്ടതാണ്.
5. ഉത്തരപുസ്തകത്തിൽ ഏതെങ്കിലും അടയാളങ്ങൾ ഇടുകയോ, നിശ്ചയിച്ചിരിക്കുന്ന സ്ഥാനത്തൊഴികെ ഉത്തരപുസ്തകത്തിന്റെ ഏതെങ്കിലും ഭാഗത്ത് റോൾ നമ്പർ എഴുതുകയോ ചെയ്യുന്നത് പരീക്ഷാർത്ഥികളുടെ അയോഗ്യതയായി പരിഗണിക്കുന്നതാണ്.
6. ഉത്തരപുസ്തകത്തിന്റെ പുറത്ത് ചോദ്യപേപ്പറിന്റെ കോഡ് നമ്പർ **49/S/O/MM** എഴുതേണ്ടതാണ്.

# MALAYALAM

# മലയാളം

# (232)

സമയം : 3 മണിക്കൂർ  മാർക്ക് : 100

നിർദ്ദേശങ്ങൾ :

(i) എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

(ii) ഒന്നു മുതൽ പതിനൊന്നു വരെ ചോദ്യങ്ങൾക്ക് (A), (B), (C), (D) എന്ന ക്രമത്തിൽ ശരിയായ ഉത്തരങ്ങളിൽ നിന്ന് ശരിയായ ഉത്തരം തിരഞ്ഞെടുത്ത് എഴുതിയാൽ മതിയാകും.

**1.** അല്ലൽപ്പെടുന്ന കുചേലകുടുംബിനിയായി വള്ളത്തോൾ കല്പിച്ചിരിക്കുന്നത് ആരെ ? **11x1=11**

(A) മാതാവിനെ  (B) മാതൃഭാഷയെ

(C) മാതൃരാജ്യത്തെ  (D) തറവാട്ടമ്മയെ

**2.** അച്ഛൻ ഇനി ഒരിക്കലും മടങ്ങിവരരുതേ എന്ന് വി.ടി. പ്രാർത്ഥിക്കാൻ കാരണമെന്ത് ?

(A) ശാസനാസമ്പ്രദായം കൊണ്ടുണ്ടായ വെറുപ്പ് മൂലം

(B) ഭാഗ്യസൂക്തം ജപിച്ചിരുന്നതിനാൽ

(C) പണമുണ്ടാക്കണമെന്ന അഭിലാഷം അച്ഛൻ പ്രകടിപ്പിച്ചിരുന്നതിനാൽ

(D) അച്ഛന്റെ ഊണു കഴിഞ്ഞല്ലാതെ അന്തർജനങ്ങൾക്ക് ഊണ് നൽകാതിരുന്നതിനാൽ

**3.** അടിവേരുതൊട്ട് മുടിയിലവരെ നന്ദികെട്ടോർ എന്ന് സുഗതകുമാരി വിശേഷിപ്പിച്ചിരിക്കുന്നത് ആരെ ?

(A) വർഷവാരിയെ ചൊൽപ്പടിക്കു നിർത്തുന്ന മരത്തെ

(B) മഴുവേന്തുന്ന മനുഷ്യരെ

(C) മലവെള്ളക്കുത്തിനെ

(D) അംബരത്തെ

4. ലോകത്തിലെ ഏറ്റവും വലിയ ത്യാഗിനി എന്ന് കെ.പി. കേശവമേനോൻ വിശേഷിപ്പിക്കുന്നത് ആരെ?

(A) മാതാവിനെ (B) ഭാര്യയെ

(C) ഭർത്താവിനെ (D) സഹോദരിയെ

5. അച്യുതൻ ഇച്ഛയിൽ തഴുകിയതായി ഗോപികമാർ സംശയിക്കുന്നത് ആരെ ?

(A) കോകിലത്തെ (B) അത്തിയെ

(C) പിച്ചകത്തെ (D) ഏണങ്ങളെ

6. കേരളീയരുടെ പ്രധാനവാദ്യമായി കെ.പി. നാരായണ പിഷാരടി കല്പിച്ചിരിക്കുന്നത് എന്തിനെ ?

(A) മദ്ദളത്തെ (B) ശംഖിനെ (C) ഇലത്താളത്തെ (D) ചെണ്ടയെ

7. കലയുടെ കമ്പികൾ മീട്ടുന്നത് ആര് ?

(A) ഈറൻ തുകിൽ (B) കാനന ദേവതകൾ

(C) മണിനാഗം (D) സത്വഗുണശ്രീ

8. 'മതമീമാംസ' യിലൂടെ നാരായണഗുരു നൽകിയ സന്ദേശം എന്താണ് ?

(A) പലമതസാരവുമേകമെന്ന്

(B) ജാതി മദിരാന്ധരടിച്ചു തമ്മിലന്തപ്പെടുമെന്ന്

(C) മദ്യം വിഷമാണെന്ന്

(D) ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്

9. ചേവായൂർ എന്ന പ്രദേശം എവിടെയാണ് സ്ഥിതി ചെയ്യുന്നത് ?

(A) സാംബാനനിൽ (B) കോഴിക്കോട്ട്

(C) തിരുവിതാംകൂറിൽ (D) ബാൻടുയൂങ്ങിൽ

10. ഫ്രാൻസിലെ ക്രോമാഗ്നോൺ ഗുഹകളിൽ നിന്ന് എന്താണ് കണ്ടെടുത്തത് ?

(A) പഴയകാല ജീവികളുടെ രൂപം

(B) മനുഷ്യന്റെ തലയോടുകൾ

(C) മനുഷ്യന്റേതിനോട് വളരെ അടുപ്പമുള്ള തലയോടുകൾ

(D) നാണയങ്ങൾ

11. "കാളിമകാജം നഭസ്സെയുമ്മവയ്ക്കു"ന്നതായി കല്പിച്ചിരിക്കുന്നത് ആരെ ?

(A) വാസവദത്തയെ (B) കഞ്ജബാണനെ

(C) വെൺമനോജ്ഞമാളികയെ (D) മഞ്ജുളാംഗിയെ

12. അർത്ഥമെഴുതി സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക :

(i) ഉരകല്ല് 2

(ii) സഹിഷ്ണുത 2

13. "പന്തുകളിച്ചീലാ പന്തലുമിട്ടീലാ 2

എന്തെന്റെ മാവേലീ ഓണം വന്നൂ ?" - അലങ്കാരം എഴുതുക.

14. രാമൻ വില്ലു കുലച്ചപ്പോൾ സീതയ്ക്കുണ്ടായ ഭാവഭേദം എന്ത് ? **2**

15. ഉണ്ണായിവാരിയരുടെ പ്രത്യേകതയായി കവി പറയുന്നത് എന്തെല്ലാം ? **2**

16. പട്ടിക, ചാർട്ട് എന്നിവ കൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാം ? **3**

17. മരത്തെ നീലകണ്ഠ സ്വാമിയായി കവി കല്പിച്ചിരിക്കുന്നത് എന്തുകൊണ്ട് ? **3**

18. "ചന്ദനം പോലെയരഞ്ഞകിൽ പോൽ പുക-
ഞ്ഞെന്നുമന്യർക്കായ് സുഗന്ധമാകുവോൾ " **3**

-ഈ കല്പനകൾ സ്ത്രീജീവിതത്തെ സംബന്ധിച്ച് എത്രത്തോളം അർത്ഥവത്താകുന്നു ?

19. കെ.പി. കേശവമേനോന്റെ അഭിപ്രായത്തിൽ ദാമ്പത്യ ജീവിതം ദുസ്സഹമായിത്തീരുന്ന സന്ദർഭങ്ങൾ ഏതെല്ലാം ? **3**

20. കേരളത്തോട് സാദൃശ്യം വഹിക്കുന്ന ഏതൊക്കെ കാഴ്ചകളാണ് എസ്.കെ. പൊറ്റെക്കാട് ബാലിയിൽ കണ്ടത് ? **3**

21. വാസവദത്തയുടെ എന്തൊക്കെ സവിശേഷതകളാണ് കാവ്യ ഭാഗത്ത് കുമാരനാശാൻ പരിചയപ്പെടുത്തുന്നത് ? 4

22. പലമത സാരവുമേകമെന്നു പാരാ- 4

തുലകിലൊരാനയിലന്ധരെന്ന പോലെ

പലവിധ യുക്തി പറഞ്ഞു പാമരന്മാ-

രലവതു കണ്ടലയാതമർന്നിടേണം.

-ഇവിടെ ശ്രീനാരായണഗുരു ഉദ്ബോധിപ്പിക്കുന്ന തത്ത്വം എന്ത് ?

23. 'കണ്ണീരും കിനാവും' എന്ന തലക്കെട്ട് പാഠഭാഗത്തിന് എത്രത്തോളം ചേർന്നതാണ് ? പാഠഭാഗത്ത് അവതരിപ്പിച്ചിട്ടുള്ള സംഭവങ്ങൾ ഉദാഹരിച്ച് വിവരിക്കുക. 4

24. 'വളർത്തുമൃഗങ്ങൾ' ദാരിദ്ര്യത്തിന്റെയും ഇല്ലായ്മയുടേയും കഥയായി മാറുന്നത് എങ്ങനെ ? 5

25. 'നെയ്പായസ'ത്തിലെ അമ്മ ഇടത്തരക്കാരായ സ്ത്രീകളുടെ പ്രതിനിധിയാണ് - വീട്ടമ്മമാർ അനുഭവിക്കേണ്ടിവരുന്ന അവഗണനയും കഷ്ടപ്പാടുകളും മാധവിക്കുട്ടി ഈ കഥയിൽ എങ്ങനെ ചിത്രീകരിച്ചിരിക്കുന്നുവെന്ന് വിശദമാക്കുക. 5

26. മാതൃഭാഷയുടെ പ്രാധാന്യത്തെക്കുറിച്ച് 'എന്റെ ഭാഷ' എന്ന കവിതയുടെ അടിസ്ഥാനത്തിൽ ലഘുപന്യാസം തയ്യാറാക്കുക. 5

27. ആശയം വികസിപ്പിച്ച് ഒരു ഖണ്ഡിക എഴുതുക. **5**

ഇറുപ്പവന്നും മലർ ഗന്ധമേകും

വെട്ടുന്നവന്നും തരു ചൂടകറ്റും

ഹനിപ്പവന്നും കിളി പാട്ടു പാടും

പരോപകാരപ്രവണം പ്രപഞ്ചം

28. താഴെ കൊടുത്തിരിക്കുന്ന പദ്യഭാഗത്തിന് ഒരു പരാവർത്തനം തയ്യാറാക്കുക. **10**

ചോര തുടിക്കും ചെറുകൈയുകളേ

പേറുക വന്നീപ്പന്തങ്ങൾ.

ഏറിയ തലമുറയേന്തിയ പാരിൻ

വാരൊളിമംഗളകന്ദങ്ങൾ !

പണ്ടു പിതാമഹർ കാട്ടിൻ നടുവിൽ

ച്ചിന്തകളുരസിടുമക്കാലം,

വന്നു പിറന്നിതു ചെന്നിണമോലും

വാളു കണക്കൊരു തീനാളം

സഞ്ചിതമാകുമിരുട്ടുകളെല്ലാം

സംഭ്രമമാർന്നോരന്നേരം

മാനവർ കണ്ടാ, രഗ്നിസ്മിതമതിൽ

മന്നിലെ വിണ്ണിൻ വാഗ്ദാനം.

29. താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് മൂന്നിലൊന്നായി സംഗ്രഹിക്കുക. **10**

ജീവിതത്തിലെ ഓരോ പ്രത്യേക അനുഭവവും ഓരോ പ്രത്യേക പ്രതികരണം മനുഷ്യനിൽ സൃഷ്ടിക്കുന്നു. സുഖവും ദു:ഖവും ഭയവും വെറുപ്പുമെല്ലാം ജീവിതത്തിലെ ഓരോ അനുഭവത്തോടുമുള്ള വ്യവസ്ഥാപിതമായ പ്രതികരണമാണ്. മനുഷ്യൻ എന്ന ജീവിയുടെ സവിശേഷത ബാഹ്യാനുഭവങ്ങളോടുള്ള നിയത പ്രതികരണങ്ങളുടെ ആകെത്തുകയാണ്. മനുഷ്യനെ മനുഷ്യനാക്കുന്ന സവിശേഷതകൾക്കാധാരമായ അനുഭവപ്രതികരണങ്ങളുടെ ഈ കാര്യകാരണ ബന്ധം ലൗകികജീവിതത്തിൽ ഒരിക്കലും തെറ്റിപ്പോകുന്നില്ല. ഈ തെറ്റാത്ത നിലയാണ് ജീവിതം തന്നെ. കലയിൽ ജീവിതത്തെ ജീവിതമാക്കുന്ന ഈ അടിസ്ഥാനനിയമം ലംഘിക്കപ്പെടുന്നു. കലയിലെ അനുഭവം ജീവിതത്തിലെ മറ്റേതനുഭവത്തിൽ നിന്നും ഭിന്നമായ ഒന്നാണ്.

30. ഒരു വിഷയത്തെപ്പറ്റി ഉപന്യസിക്കുക. **12**

(i) ഇന്ത്യൻ ജനാധിപത്യം ശക്തിപ്പെടുത്താനുള്ള മാർഗങ്ങൾ

(ii) വിവരസാങ്കേതികവിദ്യയും പുസ്തക പാരായണവും

(iii) സമൂഹത്തിൽ സ്ത്രീകളുടെ പദവി

- o O o -